"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊടുങ്ങല്ലൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.ബി.രാജീവ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ, സൂപ്രണ്ട് ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1167/2022/LSGD തീയതി,തിരുവനന്തപുരം, 07-05-2022

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.09.2015 തീയതിയിലെ ഇ8(എസ്.സി.17/2015/റ്റിഎസ്.ആർ) 11466/2015 നം. കത്ത്.
2. 28.02.2018 തീയതിയിലെ ഇയു2- 386/2017/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. 12.07.2019 തീയതിയിലെ സ.ഉ(സാധാ) നം. 1465/2019/തസ്വഭവ
4. കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 21.07.2020 തീയതിയിലെ ജി1-2836/10 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച അന്വേഷണറിപ്പോർട്ട്.
5. 07.04.2021തീയതിയിലെ ഇയു2- 386/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. നഗരകാര്യഡയറക്ടറുടെ 02.08.2021തീയതിയിലെ വി3-5949/18 നമ്പർ റിപ്പോർട്ട്.
7. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 29.04.2022 തീയതിയിലെ എ1-2/10/2022-കെ.പി.എസ്.സി-നമ്പർ കത്ത്.
8. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 04.05.2022 തീയതിയിലെ എ1-2/8/2022-കെ.പി.എസ്.സി-നമ്പർ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ നഗരസഭയിലെ ജീവനക്കാർ കെട്ടിട നിർമ്മാണാനുമതി മനഃപൂർവ്വം വൈകിപ്പിക്കുന്നതായി ആരോപിച്ച് എ.ആർ.അസ്സോസിയേറ്റ്സ്, ക്രാഫ്റ്റ് ഹോസ്പിറ്റൽ കോംപ്ലക്സ്. ചന്തപ്പുര എന്നവർ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റ് 27/04/2015 ൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ, ലോകമല്ലേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 226/01 എന്ന സ്ഥലത്ത് (BA/111/09-10 നമ്പർ പെർമിറ്റ് പ്രകാരം) 7 നില കെട്ടിടം

പണിതത് അനധികൃതമാണെന്ന് കണ്ടെത്തുകയും, കൂടാതെ ഒക്യൂപൻസി സർട്ടിഫിക്കറ്റ് പ്രകാരമല്ലാതെ താഴത്തെ നില ഫാർമസിയായി ഉപയോഗിക്കുന്നതായും മറ്റു നിലകൾ വാണിജ്യാടിസ്ഥാനത്തിനായി ഉപയോഗിക്കുന്നതായും, 7 നിലകളുള്ള ടി അനധികൃത കെട്ടിട നിർമ്മാണത്തിന് ചട്ടപ്പടി യഥാസമയം നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായതായും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.ചന്ദ്രസേനൻ, ശ്രീ.ബി.രാജീവ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ, സൂപ്രണ്ട് ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. പ്രസ്തുത കുറ്റാരോപണമെമ്മോയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടി പരിശോധിക്കുകയും, ആരോപണ വിധേയരായ ജീവനക്കാർക്ക് 1960 ലെ KCS (CC&A) ചട്ടം 15 പ്രകാരമാണ് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത് എന്നതിനാൽ KCS (CC&A) ചട്ടം 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ പരാമർശം 4 പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ, ശ്രീ.ബി.രാജീവ് എന്നിവരുടെ കൃത്യനിർവ്വഹണത്തിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ എന്നിവരുടെ രണ്ട് വാർഷിക വേതനവർദ്ധന് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ടും 30.04.2019ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.ബി.രാജീവിന്റെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ പാർട്ട് III ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപാ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കൊണ്ടും പരാമർശം 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എ.പി.ജോർജ്ജ് സമർപ്പിച്ച മറുപടി പ്രകാരം കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ചട്ടവിരുദ്ധമായി വസ്തുതകളുടെ പിൻബലമോ അന്വേഷണമോ കൂടാതെ 9 മാസങ്ങൾക്കു ശേഷം യാതൊരു പുതിയ വിവരങ്ങളുടെയും അടിസ്ഥാനമില്ലാതെ സമർപ്പിച്ച റിപ്പോർട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചോദ്യം ചെയ്ത് OA(EKM) 1476/2020 നമ്പർ കേസ് ഫയൽ ചെയ്തിരുന്നതായും കേസിലെ തെളിവുകളും മൊഴിയും പരിശോധിച്ച് ശിക്ഷണ നടപടി തീർപ്പാക്കുന്നതിന് ബഹു.കോടതി ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും ശ്രീ.എ.പി.ജോർജ്ജിന്റെ മറുപടിയിൽ പറയുന്നു. ശ്രീ.എ.പി.ജോർജ്ജ് കണ്ടെത്തിയ തെളിവുകളോ എതിർവാദങ്ങളോ പരിഗണിക്കാതെയും ടിയാൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിരത്തിയ കേസിലെ വാദമുഖങ്ങൾ പരിഗണിക്കാതെയും തികച്ചും നിരപരാധിയായ ടിയാന്റെ രണ്ട് വാർഷിക വേതനവർദ്ധന് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കാനുള്ള താൽക്കാലിക തീരുമാനം പുനഃപരിശോധിക്കണമെന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവുണ്ടാകണമെന്നും ശ്രീ.എ.പി.ജോർജ്ജ് സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരിക്കുന്നു. ശ്രീ.ആർ.ഗോപാലകൃഷ്ണൻ സമർപ്പിച്ച മറുപടിയിൽ ടിയാൻ സമർപ്പിച്ച തെളിവുകളോ എതിർവാദങ്ങളോ പരിഗണിക്കാതെയും ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

മുമ്പാകെ നിരത്തിയ OA(EKM)1509/2020 നമ്പർ കേസിലെ വാദമുഖങ്ങൾ പരിഗണിക്കാതെയും തികച്ചും നിരപരാധിയായ ടിയാന്റെ രണ്ട് വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുന്നതിനുള്ള താൽക്കാലിക തീരുമാനം പുനഃപരിശോധിക്കണമെന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു.

4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ആർ.ഗോപാലകൃഷ്ണൻ, ശ്രീ.എ.പി.ജോർജ്ജ് എന്നിവർ സമർപ്പിച്ച മറുപടിയിന്മേലുള്ള നഗരകാര്യഡയറക്ടറുടെ പരാമർശം 6 ലെ റിപ്പോർട്ട് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും ചുരുങ്ങിയ കാലയളവിൽ മാത്രം സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്നതുമായ ശ്രീ.എ.പി.ജോർജ്ജ്, റവന്യൂ ഇൻസ്പെക്ടർ, ശ്രീ.ആർ.ഗോപാലകൃഷ്ണൻ എന്നിവർക്ക് ക്രാഫ്റ്റ് ആശുപത്രി കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം മറച്ച് വച്ച് നഗരസഭയ്ക്ക് നികുതിയിനത്തിൽ ധനനഷ്ടം ഉണ്ടാക്കിയതിൽ പങ്കില്ലായെന്ന് അനുമാനിക്കാൻ സാധിക്കില്ലായെന്ന് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നതായും, ലൈസൻസ് പുതുക്കുവാൻ വന്നപ്പോൾ അസസ്മെന്റ് രജിസ്റ്റർ പരിശോധിക്കേണ്ട/സ്ഥല പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥർ ആയിരുന്ന ഇരുവരെന്നും നഗരസഭയുടെ അറിവോടെ അല്ലാതെ ക്രാഫ്റ്റ് കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ച നിലകൾക്ക് ഉൾപ്പെടെ 2015 മാർച്ച് 31 വരെയുള്ള ഡി&ഒ ലൈസൻസ് അനുവദിച്ചു നൽകിയ ലൈസൻസിൽ ഒപ്പിട്ടിരിക്കുന്നത് ടി കാലയളവിൽ സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.എ.പി.ജോർജ്ജ് ആണെന്നും ടി കാലയളവിൽ ശ്രീ.ആർ.ഗോപാലകൃഷ്ണൻ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ എന്നിവരുടെ ഭാഗത്ത് നിന്ന് മാത്രമല്ല റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ആയതിനാൽ സർക്കാരിൽ നിന്നും ലഭ്യമായ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ എന്നിവർ സമർപ്പിച്ച മറുപടിയും, മറ്റ് വസ്തുതകളും പരിഗണിച്ച് കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന രണ്ട് വാർഷിക വേതനവർദ്ധന് സഞ്ചിതഫലത്തോടെ തടഞ്ഞു വയ്ക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച നടപടിയിന്മേൽ ഇളവ് അനുവദിക്കുന്നതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

6. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ബി.രാജീവ് നൽകിയ മറുപടിയിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 27/09/2012 മുതൽ 04/10/2013 വരെയാണ് ടിയാൻ സേവനമനുഷ്ഠിച്ചിരുന്നതെന്നും, പരാമർശ കെട്ടിടത്തിലുള്ള അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു റിപ്പോർട്ടും ടിയാൻ കൊടുങ്ങല്ലൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ലഭിച്ചിട്ടില്ലെന്നും, അനധികൃത നിർമ്മാണത്തിനും അനധികൃതമായി ലൈസൻസ് നൽകിയതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ഒഴിവാക്കി ആയതിന്റെ ബാദ്ധ്യത തന്റെ മേൽ ചുമത്തുന്നത് നീതി നിഷേധമാണെന്നും ലൈസൻസ് അപേക്ഷ കാണുകയോ ഒപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ലാത്ത റവന്യൂ ഇൻസ്പെക്ടറായ ടിയാന്റെ പേരിൽ കുറ്റം ആരോപിക്കുന്നത് അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ ടിയാനെതിരെയുള്ള ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാന് അർഹമായ പൂർണ്ണ തോതിലുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്നും

ശ്രീ.ബി.രാജീവ് സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരുന്നു.

7. ശ്രീ.ബി.രാജീവ് സമർപ്പിച്ച മറുപടിയിന്മേലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ശ്രീ.ബി.രാജീവ് റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലാണ് ടി കെട്ടിടത്തിന് ഡി & ഒ ലൈസൻസിനായി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും കൂടാതെ ശ്രീ.ബി.രാജീവിന് ടി കെട്ടിങ്ങൾക്ക് നികുതി കുടിശ്ശികയുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും കെട്ടിട നികുതി കുടിശ്ശിക പരിശോധിക്കുമ്പോൾ ഒക്യുപ്പൻസി നൽകിയിരിക്കുന്നത് ഏത് വിഭാഗത്തിലാണെന്നുള്ളത് റവന്യൂ സെക്ഷനിൽ പരിശോധിക്കേണ്ടതും നഗരസഭാ കെട്ടിടാനുമതി നൽകാത്ത നിലകൾ ഉൾപ്പെടെ അപേക്ഷകൻ നഗരസഭയുടെ അനുമതി ഇല്ലാത്ത VIII/ 77 ൽ 3,4 എന്നീ നിലകളുടെ (അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഇല്ലാത്ത) നമ്പരുകൾ കണ്ടിട്ടും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാതെ റവന്യൂ സെക്ഷനിൽ നിന്നും കുടിശ്ശികയുടെ കാര്യം മാത്രം പ്രതിപാദിച്ച് റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് വിഭാഗം ലൈസൻസ് നൽകിയിട്ടുള്ളത് വിലയിരുത്തുമ്പോൾ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബി.രാജീവ് കുറ്റക്കാരനാണെന്ന് കാണാവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു.

8. സർക്കാർ ഇക്കാര്യം ജീവനക്കാരുടെ മറുപടികളുടേയും അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകളുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ ശ്രീ.ബി.രാജീവ് എന്നിവരുടെ ഭാഗത്ത് നിന്ന് ആരോപണവിഷയത്തിൽ വീഴ്ചയുണ്ടായതായി കണ്ടതിനാൽ ശ്രീ.എ.പി.ജോർജ്ജ്, ശ്രീ.ആർ.ഗോപാലകൃഷ്ണൻ എന്നിവരുടെ രണ്ട് വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞു വയ്ക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച നടപടി സ്ഥിരപ്പെടുത്തുന്നതിലും, റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബി.രാജീവ്- ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപാ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുള്ള താൽക്കാലികമായി തീരുമാനിച്ച നടപടി സ്ഥിരപ്പെടുത്തുന്നതിലും കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി.

9. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇക്കാര്യത്തിൽ ലഭ്യമാക്കിയ പരാമർശം 7, 8 എന്നീ കത്തുകൾ പ്രകാരം ശ്രീ.ബി.രാജീവ്.ബി., ശ്രീ.ആർ.ഗോപാലകൃഷ്ണൻ, ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്കെതിരായ നടപടി തീർപ്പാക്കുന്നതിലുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിരുന്നു.

10. മേൽ സാഹചര്യത്തിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.ആർ.ഗോപാലകൃഷ്ണൻ, സൂപ്രണ്ട് ശ്രീ.എ.പി.ജോർജ്ജ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി 1960 ലെ KCS (CC&A) ചട്ടം 11 (vA) പ്രകാരം ടിയാന്മാരുടെ രണ്ട് വാർഷിക വേതനവർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുവാനും, റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബി.രാജീവിനെതിരായ നടപടി കെ.എസ്.ആർ പാർട്ട് III ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപാ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുവാനുമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാന്മാർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.1167/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ആർ.ഗോപാലകൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ, കൊടുങ്ങല്ലൂർ നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ശ്രീ.എ.പി.ജോർജ്ജ്, സൂപ്രണ്ട്, കൊടുങ്ങല്ലൂർ നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ശ്രീ.ബി.രാജീവ്, റിട്ട.റവന്യൂ ഇൻസ്പെക്ടർ, കൊടുങ്ങല്ലൂർ നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ